"ഭരണഭാഷ, മാതൃഭാഷ"

ക്യു4/102148/2019/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 27.08.2020

## അറിയിപ്പ്

സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് 2020-21 ഫ്രഷായിട്ട് അപേക്ഷിക്കാനും റിന്യൂ ചെയ്യാനും നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ ഓപ്പൺ ചെയ്യുന്നത് സംബന്ധിച്ച്.

കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം കോളേജ്/സർവകലാശാല വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ **http:/www.scholarships.gov.in** അദ്ധ്യയന വർഷം 2020-21 അപേക്ഷിക്കാനുള്ള നിശ്ചിത തീയതികൾ താഴെ വിവരിക്കും പ്രകാരമാണ്.

സൈറ്റ് ഓപ്പൺചെയ്ത തീയതി -16-08-2020

അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി: 31-10-2010 visit website

ഇതിന്റെ അടിസ്ഥാനത്തിൽ മുൻപ് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അപേക്ഷ സമർപ്പിച്ച ഫ്രഷ്, 2019 , 1st റിന്യൂവൽ, 2018, 2nd റിന്യൂവൽ, 2017, 3rd റിന്യൂവലും , 2016 ഉം പുതുതായി അപേക്ഷിക്കുന്നവർക്കും അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 31-10-2020 ആണ്. സൈറ്റിൽ വിശദവിവരങ്ങൾക്ക് അറ്റാച്ച് ചെയ്തിരിക്കുന്ന ഗൈഡ്ലൈൻസ് പരിശോധിക്കുക. അല്ലെങ്കിൽ സ്കോളർഷിപ്പ് പോർട്ടലിന്റെ ഹോം പേജിൽ **services, Nodal Officer, Department of Higher Education (CSSS)** എന്ന ലിങ്കിൽ അതാത് എഡ്യുക്കേഷൻ ബോർഡിന്റെ നോഡൽ ഓഫീസർമാരുടെ വിവരം നൽകിയിട്ടുണ്ട്.

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

എൻ.ബി. ഹയർസെക്കണ്ടറി പാസായി കോളേജുകളിൽ തുടർപഠനം നടത്തുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്

"ഭരണഭാഷ, മാതൃഭാഷ"

ക്യു4/102148/2019/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 27.08.2020

## സർക്കുലർ

കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം കോളേജ്/സർവ്വകലാശാല വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് കേരള സ്റ്റേറ്റ് ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറി ബോർഡുകൾ നടത്തിയ 12-ാം ക്ലാസ്സ് പരീക്ഷയിൽ 80% മാർക്കുവാങ്ങി വിജയിച്ചവരും ഏതെങ്കിലും ബിരുദ കോഴ്സിന് ഒന്നാം വർഷം പഠിക്കുന്നവരുമായിരിക്കണം അപേക്ഷകർ. ഇന്ത്യാ ഗവൺമെന്റ് നിർദ്ദേശിക്കുന്ന താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടായിരിക്കും സ്കോളർഷിപ്പനുവദിക്കുന്നത്.

### സ്കോളർഷിപ്പ് ഫ്രഷായി അപേക്ഷിക്കാനുള്ള മാനദണ്ഡം

1). അപേക്ഷകർ യോഗ്യതാ പരിക്ഷയിൽ കുറഞ്ഞത് 80% മാർക്ക് നേടിയവരും വാർഷിക കുടുംബ വരുമാനം 8 ലക്ഷം രൂപ കവിയാത്തവരുമായിരിക്കണം.

2). അപേക്ഷകർ അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സിന് പഠിക്കുന്നവരായിരിക്കണം. പ്ലസ്ടു കഴിഞ്ഞ് തുടർപഠനം നടത്തുന്നവരായിരിക്കണം.

3). മറ്റേതെങ്കിലും സ്കോളർഷിപ്പുകൾ വാങ്ങുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരല്ല.

4). ആകെ സ്കോളർഷിപ്പിന്റെ 50% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

5). 15% സ്കോളർഷിപ്പുകൾ എസ്.സി. വിഭാഗത്തിനും 75% സ്കോളർഷിപ്പുകൾ എസ്.ടി. വിഭാഗത്തിനും 27% സ്കോളർഷിപ്പുകൾ ഒ.ബി.സി. വിഭാഗത്തിനും ഓരോ വിഭാഗത്തിലും 5% ഭിന്നശേഷി വിഭാഗത്തിനും നീക്കി വച്ചിരിക്കുന്നു.

6). അപേക്ഷകർ 18–25 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം.

സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ താഴെപ്പറയുന്ന രേഖകൾ കൂടി സ്ഥാപനമേധാവിയ്ക്ക് സമർപ്പിച്ചിരിക്കണം.

1). ബന്ധപ്പെട്ട അധികാരിയിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്.

2). ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറിയുടെ മാർക്ക് ലിസ്റ്റിന്റെ അസ്സൽ പകർപ്പ്.

3). ജാതി, ശാരീരിക വൈകല്യം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ (SC/ST/OBC/PH വിദ്യാർത്ഥികൾ)

4). വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനമേധാവിയിൽ നിന്നുള്ള പ്രവേശന റിപ്പോർട്ട്.

2020–21 ൽ കേരളത്തിൽ അനുവദിക്കുന്ന ആകെ സ്കോളർഷിപ്പ് 2324 ആണ്. ബിരുദതലം മുതൽ (പ്രൊഫണൽ കോഴ്സുൾപ്പെടെ) പരമാവധി 5 വർഷത്തേക്ക് നൽകുന്നു. സ്കോളർഷിപ്പ് സയൻസ്, കോമേഴ്സ്, ഹ്യുമാനിറ്റീസ് എന്നീ ഗ്രൂപ്പുകൾക്ക് 3:2:1 എന്ന അനുപാതത്തിൽ വീതിച്ചു നൽകും. ബിരുദതലത്തിൽ പ്രതിമാസം 1000/- രൂപയും ബിരുദാനന്തര ബിരുദതലത്തിൽ പ്രതിമാസം 2000/- രൂപയുമാണ് സ്കോളർഷിപ്പ് തുക. ഒരു അദ്ധ്യയന വർഷം പരമാവധി 10 മാസമാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. ഒന്നാം മാസം പ്രവേശനം ലഭിച്ച മാസം മുതലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

## സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് പുതുക്കുവാനുള്ള മാനദണ്ഡം

1). തൊട്ടുമാമ്പുള്ള പരീക്ഷയിൽ കുറഞ്ഞത് 50% മാർക്കുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 2-ാം വർഷം മുതൽ പുതുക്കി നൽകും.

2). 75% അറ്റൻഡൻസ് ഉണ്ടായിരിക്കണം.

വിശദവിവരങ്ങൾക്ക് താഴെ അറ്റാച്ച് ചെയ്തിരിക്കുന്ന ഗൈഡ്ലൈൻസ് പരിശോധിക്കുക. **[for more informations please see the guide lines attached below]**

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

എ.എം.(27/08/2020)